**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. ഉഷാകുമാരി ബി, മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. ഷിജി ജെയിംസ് എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.234/2018/തസ്വഭവ — തീയതി, തിരുവനന്തപുരം, 25.01.2018

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29.10.2012-ലെ ഇ 5-എസ് സി 25/12/കെടിഎം/21131/2012 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 04.12.2012-ലെ 14022/ഡി3/2012/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 03.04.2013-ലെ 4671/ഇപിബി2/2013 തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് ശ്രീമതി. ഉഷാകുമാരി ബി, ശ്രീ. ഷിജി ജെയിംസ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 16.09.2014-ലെ ഡി5-13539/2013 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പരിശോധനയിൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള 23.05.2012-ൽ കിട്ടിയ 15 അപേക്ഷകൾ പെർമിറ്റ് രജിസ്റ്ററിൽ ചേർത്തിരുന്നില്ലെന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് ടി ക്രമക്കേടുകൾക്കുത്തരവാദികളായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. ഉഷാകുമാരി ബി, എൽ.ഡി. ക്ലാർക്ക് ശ്രീ. ഷിജി ജെയിംസ് എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടികൾ ആരംഭിച്ചിരുന്നു. കുറ്റപത്രത്തിന് ടിയാളുകൾ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. ഉഷാകുമാരിയുടെ ഭാഗത്തുനിന്ന് പെർമിറ്റ് അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സൂപ്പർവൈസറി ലാപ്സ് ഉണ്ടായിട്ടുണ്ടെന്നും നിലംനികത്ത് കമ്മിറ്റിയുടെ മിനിട്ട്സിൽ പരിശോധനാ ഉദ്യോഗസ്ഥരെല്ലാം ഒപ്പിട്ടില്ലെന്നത് ഒരു വീഴ്ചയാണെന്നും ടിയാൾക്ക് നൽകിയ കുറ്റപത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പെർമിറ്റ് കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്ലാർക്കായ ശ്രീ. തങ്കച്ചൻ സാമ്പത്തിക-സാമൂഹിക-ജാതി സെൻസസുമായി ബന്ധപ്പെട്ട ജോലികളുടെ ചുമതലയായിരുന്നതിനാലും ഇതിനിടയിൽ ഓഫീസിലെ മറ്റ് ജോലികൾ നിർവ്വഹിച്ചുകൊണ്ടിരുന്നതിനാലുമാണ് കുറ്റപത്രത്തിൽ പരാമർശിക്കുന്ന അപാകതകൾ ഉണ്ടായിട്ടുള്ളതെന്നും അത് പരിഹരിച്ചിട്ടുള്ളതാണെന്നും ശ്രീമതി. ഉഷാകുമാരി വ്യക്തമാക്കിയിട്ടുണ്ട്. അന്വേഷണത്തിൽ സെക്രട്ടറി നൽകിയ എതിർവാദ പത്രിക അംഗീകരിക്കാവുന്നതാണെന്നും നിലവിൽ പെർമിറ്റ് അപേക്ഷകൾ കുറ്റമറ്റ രീതിയിൽ കൈകാര്യം ചെയ്തു വരുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ഷിജി ജെയിംസ്, എൽ.ഡി. ക്ലാർക്ക് ശരിയാംവണ്ണം ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നില്ലെന്നും 05.06.2012-ൽ ലഭിച്ച അപേക്ഷകൾ രജിസ്റ്റർ ചെയ്ത ശേഷമാണ് 09.05.2012-ൽ ലഭിച്ച അപേക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് കുറ്റാരോപണ മെമ്മോയിൽ

പ്രതിപാദിച്ചിരുന്നു. ഫീസ് ഒടുക്കുന്ന മുറയ്ക്കാണ് അപേക്ഷകന്റെ പേര് ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതെന്നും 09.05.2012-ൽ അപേക്ഷ സമർപ്പിച്ച ശ്രീ. കെ.ജി. സുഭാഷ് എന്നയാൾ ഫീസൊടുക്കിയത് 06.06.2012-ലാണെന്നും അതിനുശേഷം അപേക്ഷ നൽകിയ മാണി ജോർജ്ജ് കഴഞ്ചാക്കാട്ടിൽ എന്നയാൾ 05.06.2012-ൽ ഫീസൊടുക്കിയിട്ടുണ്ടെന്നും അതിനാലാണ് 05.06.2012-ൽ ഫീസൊടുക്കിയ അപേക്ഷകന്റെ വിവരങ്ങൾ 06.06.2012-ൽ ഫീസൊടുക്കിയ വ്യക്തിക്ക് മുമ്പായി രജിസ്റ്ററിൽ ചേർത്തതെന്നും എന്നാൽ ശ്രീ. സുഭാഷ് 09.05.2012-ൽ ആദ്യമായി ലൈസൻസിന് അപേക്ഷിച്ച ആളായതിനാൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയശേഷം മാത്രമേ ഫീസ് അടപ്പിക്കാൻ സാധിക്കുമായിരുന്നുള്ളൂ എന്നതിനാലും നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവരണ ശേഖരണത്തിനും നമ്പറിംഗിനുമായി ഫീൽഡിൽ ആയിരുന്നതിനാൽ ടിയാനിൽ നിന്നും അന്നേദിവസം തന്നെ ഫീസടപ്പിക്കുവാൻ സാധിച്ചിരുന്നില്ലെന്നും പിന്നീട് 06.06.2012-ലാണ് ടിയാൻ ഫീസൊടുക്കിയതെന്നും 05.06.2012-ൽ നൽകിയ അപേക്ഷ ലൈസൻസ് പുതുക്കുന്നതിനുള്ളതായിരുന്നതിനാലും അന്നേദിവസം ഓഫീസിൽ ഉണ്ടായിരുന്നതിനാലും ഫീസടപ്പിക്കാൻ സാധിച്ചുവെന്നും അല്ലാതെ മറ്റു താല്പര്യങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നുവെന്നും അപാകതകൾ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അത് മാപ്പാക്കണമെന്നും ശ്രീ. ഷിജി ജെയിംസ് ബോധിപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ നടത്തിയ അന്വേഷണത്തിൽ ശ്രീ. ഷിജി ജെയിംസ് സമർപ്പിച്ച എതിർവാദ പത്രിക അംഗീകരിക്കാവുന്നതാണെന്നും ഡി&ഒ ലൈസൻസ് ഫയലുകൾ തൃപ്തികരമായി കൈകാര്യം ചെയ്തുവരുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി. ഉഷാകുമാരി, ശ്രീ. ഷിജി ജെയിംസ് എന്നിവരുടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്നു കാണുന്നു. ഈ സാഹചര്യത്തിൽ മുളക്കുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. ഉഷാകുമാരി ബി. മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. ഷിജി ജെയിംസ് എന്നിവരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ 6 മാസത്തേയ്ക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി. ഉഷാകുമാരി ബി, മുൻ സെക്രട്ടറി, മുളക്കുളം ഗ്രാമപഞ്ചായത്ത്
2. ശ്രീ. ഷിജി ജെയിംസ്, മുൻ എൽ.ഡി. ക്ലാർക്ക്, മുളക്കുളം ഗ്രാമപഞ്ചായത്ത് } (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിജിലൻസ് വകുപ്പ് (08.09.2017-ലെ 2856/ഡി3/2017/വിജി. നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (4671/ഇപിബി2/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ